കൈയിൽ പണം വന്നുചേർന്നിട്ടും, 'ഗൾഫ്' സമ്പാദ്യ'മുള്ള കുടുംബങ്ങളിലെ അംഗങ്ങളിൽ ഭൂരിപക്ഷത്തിനും പുതിയ എന്തെങ്കിലും വ്യവസായമോ പരിശ്രമമോ ആരംഭിക്കാനുള്ള താല്പര്യം ഉണ്ടായിട്ടില്ല. ഗൾഫിൽ നിന്ന് ഒഴുകിയെത്തുന്ന വൻതുക ഉല്പാദകങ്ങളായ പ്രവർത്തനങ്ങളിൽ നിക്ഷേപിക്കാനും അങ്ങനെ നാട്ടിൽ തൊഴിൽ വർദ്ധിപ്പിക്കാനും ഒരു പ്രയത്നവും നടക്കുന്നില്ല എന്നു ഡോ. അർപ്പുതരാജ് പറയുന്നു.

ഗൾഫ് രാജ്യങ്ങളിലെ ഇന്നത്തെ സ്ഥിതിയിൽ, അവിടെ ജോലി ചെയ്യുന്ന മിക്കവരും സംതൃപ്തരല്ല. ഗൾഫിൽ ഇവരുടെ ജോലിവ്യവസ്ഥകളും ജീവിതസൗകര്യങ്ങളും അടിക്കടി വഷളായി വരികയാണ്. ഭാവി എന്തായിരിക്കുമെന്ന ആശങ്ക ഗൾഫ് ജോലിക്കാർക്കെല്ലാർക്കുമുണ്ട്. ഇപ്പോഴുള്ള ജോലി നഷ്ടപ്പെട്ടാൽ അവർക്കെല്ലാം തിരിച്ചുവരേണ്ടിവരും. എങ്ങോട്ട്? നാട്ടിലെത്തിയാൽ അവർ എന്തു ചെയ്യും?

ഗാൽബ്രെയ്ത്ത് സമർപ്പിച്ചതുപോലെ,ദരിദ്രമായ ഇന്നാട്ടിലെ ബഹുജനങ്ങളുടെ ദാരിദ്ര്യത്തെ ഒന്നുകൂടി ദുർവഹമാക്കാനേ പുറമേനിന്നു വൻതോതിലുള്ള ഈ ധനപ്രവാഹം ഇന്നോളം സഹായിച്ചിട്ടുള്ളു എന്ന നിഗമനത്തിലാണ് ഡോ. അർപ്പുതരാജ് ചെന്നെത്തിയിട്ടുള്ളത്.

ശരിയാണോ? നിങ്ങളുടെ അനുഭവമെന്താണ്?

# 70. പരിസ്ഥിതി സംരക്ഷണത്തെപ്പററി ഒരു സർക്കാർ കമ്മററി

'ചാലിയാറിന് ഒരു അനുജത്തി' എന്ന പേരിൽ ജൂൺ ആറാം തീയതിയിലെ 'കുമാരി'യിൽ എഴുതിയ ലേഖനത്തിൽ, കോഴിക്കോട്ട് മാവൂരിലെ ഗ്വാളിയർ റയോൺസ് എന്ന ഫാക്ടറിയുടെ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ വനങ്ങൾ എങ്ങനെ വിധ്വംസിക്കപ്പെട്ടു എന്നും, സമീപപ്രദേശങ്ങളിലെ വെള്ളവും മണ്ണും വായുവും എങ്ങനെ വിഷദൂഷിതമായി എന്നും ഞാൻ വിവരിച്ചിരുന്നു. കോട്ടയം—എറണാകുളം റയിൽവേയുടെ അടുത്ത് വെള്ളൂരിൽ പണി മിക്കവാറും പൂർത്തിയായ ന്യൂസ് പ്രിൻറ് ഫാക്ടറിയിൽ ഉല്പാദനം ആരംഭിക്കുമ്പോൾ മാവൂരിലെ ദുരന്തം അവിടെയും ആവർത്തിക്കാതിരിക്കുന്നതിനു മുൻകരുതലുകൾ ഇപ്പോഴേ കൈക്കൊള്ളണമെന്നതായിരുന്നു ആ ലേഖനത്തിലെ മുഖ്യ പ്രതിപാദ്യം. തുടർന്ന് ഇങ്ങനെകൂടി എഴുതിയിരുന്നു:

'മലിനീകരണത്തിന് എതിരായ സമരത്തെ വനസംരക്ഷണത്തിനും വിശാലമായ പരിപ്രേക്ഷ്യത്തിൽ പ്രകൃതിസംരക്ഷണത്തിനും വേണ്ടിയുള്ള രാജ്യവ്യാപകമായ സമരവുമായി സംഘടിപ്പിക്കേണ്ടതുണ്ട്. പരിസ്ഥിതിയെപ്പററിയുള്ള ശാസ്ത്രീയബോധം പൊതുജനങ്ങളിൽ വളർത്തലാണ് ഈ സമരത്തിന്റെ പ്രഥമവും പ്രധാനവുമായ ഘട്ടം. മാവൂരിലെയോ വെള്ളൂരിലെയോ പുനലൂരിലെയോ മലിനീകരണം ഒററപ്പെട്ട പ്രശ്നങ്ങളല്ല. വ്യാപകമായ ഒരു ദേശീയ വിപത്തിന്റെ പ്രാദേശിക സ്ഫോടനങ്ങളാണ് ഇവ. പ്രാദേശികാടിസ്ഥാനത്തിലല്ലാതെ ദേശീയാടിസ്ഥാനത്തിൽ വേണം ഈ രോഗത്തെ ചികിത്സിക്കുവാൻ. അതേസമയം പ്രാദേശിക സംഘടനകൾ ബഹുജനങ്ങളെ ഉദ്ബുദ്ധരും കർമനിരതരുമാക്കുവാൻ ഇളവില്ലാതെ പ്രവർത്തിക്കുകയും വേണം.'

പരിസ്ഥിതിയെ സംരക്ഷിക്കുകയും മലിനീകരണം തടയുകയും ചെ

യ്യേണ്ടതിന്റെ ആവശ്യം കേരളഗവണ്മെന്റ് മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നു കാണുന്നതിൽ നമുക്കെല്ലാം സന്തോഷിക്കാം.

കേരളത്തിൽ സയൻസിനും ടെക്നോളജിക്കുമായി സർക്കാർ തലത്തിൽ ഒരു കമ്മററിയുണ്ട്. കേരളസംസ്ഥാനത്തിൽ പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥയെപ്പററി ഈ കമ്മററി തയ്യാറാക്കിയ ഒന്നാമത്തെ റിപ്പോർട്ട് ജൂൺ ഒമ്പതാം തീയതി മുഖ്യമന്ത്രി തിരുവനന്തപുരത്തു് പ്രകാശിപ്പിക്കുകയുണ്ടായി. അടിയന്തരമായും ഗൗരവബോധത്തോടെയും നടപ്പിൽ വരുത്തേണ്ട പല ശുപാർശകളും ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്.

പരിസ്ഥിതിയുടെ ഇപ്പോഴത്തെ ഗുണനിലവാരം നിലനിറുത്തുക മാത്രമല്ല, ഉയർത്തുകകൂടി ചെയ്യുന്നതിനും, പ്രകൃതിവിഭവങ്ങളുടെ വിധ്വംസനവും പരിസര മലിനീകരണം തടയുന്നതിനുമായി നിയന്ത്രണനടപടികൾ നടപ്പിൽ വരുത്തുന്നതിന് കേരളത്തിൽ ഒരു പരിസ്ഥിതി സംരക്ഷണ ഏജൻസി രൂപവത്ക്കരിക്കണമെന്നാണ് ഈ ശുപാർശകളിൽ ഏററവും പ്രധാനപ്പെട്ടതു്. പരിസ്ഥിതി സംരക്ഷണം സാധ്യമാകുന്നതിനുവേണ്ടി, സ്റ്റേററിന്റെ പല ഭാഗങ്ങളിലുമായി പരിസ്ഥിതിയുടെ ഗുണനിലവാരം നിരന്തരം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളും (മോണിററിങ് സ്റ്റേഷനുകൾ) പ്രത്യേക വ്യവസായശാലകളും മററും പരിസ്ഥിതിയിൽ വരുത്തുന്ന ആഘാതങ്ങളെപ്പററി പഠിക്കുന്നതിനുള്ള ഗ്രൂപ്പുകളും (സ്റ്റഡി സെല്ലുകൾ) രൂപവത്ക്കരിക്കണമെന്നും കമ്മററി നിർദ്ദേശിച്ചിട്ടുണ്ട്.

ഭാവിയിൽ ഏതു വികസന പരിപാടി ആസൂത്രണം ചെയ്യുമ്പോഴും, മലിനീകരണ നിയന്ത്രണത്തിനുള്ള നടപടികൾ മുൻകൂട്ടി അതിലുൾക്കൊള്ളിക്കണമെന്നതാണു കമ്മററിയുടെ മറെറാരു ശുപാർശ. ഒരു വ്യവസായശാല സ്ഥാപിക്കുമ്പോൾ അതിൽനിന്നുള്ള മലിനജലം മററ് വിസർജ്യവസ്തുക്കൾ, പുക, ശബ്ദം മുതലായവ വരുത്താവുന്ന ദോഷം മുൻകൂട്ടി കാണുകയും അതിനു പരിഹാരം വ്യവസായശാലയുടെ ഘടനയിൽത്തന്നെ ഉൾക്കൊള്ളിക്കുകയും വേണമെന്നർത്ഥം. ഇതുപോലെ വനപ്രദേശങ്ങളിൽ റോഡ്, അണക്കെട്ട് മുതലായവ നിർമിക്കുമ്പോൾ, ഇവ വനവിധ്വംസനത്തിനു് ഇടവരുത്തുകയില്ലെന്നു മുൻകൂട്ടി ഉറപ്പു വരുത്തണം.

മലിനീകരണം ഇപ്പോൾത്തന്നെ മൂർദ്ധന്യദശയിലെത്തിയ ചില പ്രദേശങ്ങൾ കേരളത്തിലുണ്ടല്ലോ. മാവൂർ, ചാലിയാർ, ഉദ്യോഗമണ്ഡലം, കുട്ടനാട്, കല്ലടയാറ് മുതലായവ ഉദാഹരണം. ഇത്തരം പ്രദേശങ്ങളിലെ മലിനീകരണത്തെപ്പററി പഠിക്കാനും, നിവാരണ നടപടികൾ കൈക്കൊള്ളാനുമായി സ്റ്റേററ് തലസ്ഥാനത്തിൽത്തന്നെ ഏർപ്പാടുണ്ടാക്കണമെന്നും കമ്മററി ശുപാർശ ചെയ്തിട്ടുണ്ട്. സയൻസ്-ടെക്നോളജി കമ്മററി തന്നെ ഇതിനായി സ്ഥാപനങ്ങളെ ഉൾപ്പെടുത്തി, സംയോജിത-പഠന-പദ്ധതികൾ ആവിഷ്കരിക്കണം.

കേരളത്തിൽ ലഭ്യങ്ങളായ പ്രകൃതിവിഭവങ്ങളേയും, ഇവിടത്തെ സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക പശ്ചാത്തലങ്ങളേയും കണക്കിലെടുത്തു് സ്റ്റേററിനു് ഒരു പരിസ്ഥിതിനയം സർക്കാർ രൂപവത്ക്കരിക്കണമെന്നും കമ്മററി ശുപാർശചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ മററു പല സ്റ്റേററുകളെയും അപേക്ഷിച്ചു് വ്യവസായങ്ങളുടെ കാര്യത്തിൽ കേരളം തുലോം പിറകിലാണ്. വിദ്യുച്ഛക്തി, ഗതാഗത സൗകര്യം, അഭ്യസ്തവിദ്യരായ തൊഴിലാളികൾ മുതലായ വ്യവസായ വികസനത്തിനാവശ്യമായ, അടിത്തറ ഇവിടെയുണ്ടെങ്കിലും, എന്തുകൊണ്ടോ, വ്യവസായങ്ങൾ ഇവിടെ വേണ്ടത്ര വളരുന്നില്ല. ഈ ദുഃസ്ഥിതിക്കു പരിഹാരം കാണുന്നതിനായി, ഇവിടെ ലഭ്യമായ ജൈവ-അജൈവവിഭവങ്ങളെ ശരിക്കു തിട്ടപ്പെടുത്തുകയും, കുററിയററുപോകാത്ത തരത്തിൽ, കരുതലോടെ അവ ഉപയോഗപ്പെടുത്തുകയും വേണം. വ്യവസായ വികസന

ത്തോടൊപ്പം, ജലമാലിന്യവും പുകശല്യവും മററും വരാതെ നോക്കണം. ഇപ്പോൾ വന്നുകൂടിയ മലിനീകരണം പരിഹരിക്കുകയും വേണം. പരിഷ്ക്കാരത്തിന്റെ പേരിൽ പരിസ്ഥിതി വിധ്വംസനവും മലിനീകരണവും അനുവദിക്കത്തക്കതല്ല. വ്യവസായത്തെപ്പോലെ പരിഷ്കരിച്ച കൃഷിയിൽ ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും പരിസരാരോഗ്യത്തെ വലിയ തോതിൽ ബാധിക്കുന്നുണ്ട്. ജനങ്ങളുടെ അശ്രദ്ധയും അറിവില്ലായ്മയും പരിസരത്തെ മലിനമാക്കുന്നതിൽ കാര്യമായ പങ്കുവഹിക്കുന്നു.

പരിസര സംരക്ഷണ നടപടികൾ ഫലപ്രദമാകണമെങ്കിൽ ജനങ്ങൾക്കിടയിൽ ശാസ്ത്രീയമായ പരിസരബോധം വളരേണ്ടതുണ്ട്. ഇതിനായി, സ്കൂൾ—കോളേജ്‌വിദ്യാഭ്യാസത്തിലൂടെയും അനൗപചാരിക വിദ്യാഭ്യാസത്തിലൂടെയും പരിസ്ഥിതിയെപ്പററി നിരന്തരമായ പ്രചാരണം നടത്തേണ്ടതാണെന്നും കമ്മററി അഭിപ്രായപ്പെട്ടിരിക്കുന്നു.

കമ്മററിയുടെ അഭിപ്രായങ്ങൾക്ക് സർക്കാർ എത്രമാത്രം വില കല്പിക്കുമെന്ന്, പക്ഷെ, കണ്ടുതന്നെ അറിയണം. വനവിധ്വംസനത്തെപ്പററി അമ്പരപ്പിക്കുന്ന റിപ്പോർട്ടുകളാണ് സമീപകാലത്തു പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നതു്. ഈ റിപ്പോർട്ടുകളിൽ ധാരാളം വാസ്തവമുണ്ടെന്ന് വനംവകുപ്പ മന്ത്രിയുടെ പ്രസ്താവനകൾ തെളിയിക്കുന്നു. വനവിധ്വംസനം തടയാൻ സർക്കാരിന് ആഗ്രഹമില്ലെന്നോ, ആഗ്രഹമുണ്ടെങ്കിൽ ത്തന്നെ സർക്കാരിന് അതിനുള്ള കഴിവില്ലെന്നോ ആണ് ഇതിൽനിന്ന് ഊഹിക്കേണ്ടതു്.

സയൻസ്-ടെക്നോളജി കമ്മററിയുടെ റിപ്പോർട്ട പ്രസിദ്ധീകരിക്കുന്ന അവസരത്തിൽത്തന്നെ, മലിനീകരണം പേടിച്ച വികസന പദ്ധതികൾ നടപ്പിലാക്കാതിരിക്കാൻ സർക്കാരിനു സാദ്ധ്യമല്ലെന്ന് മുഖ്യമന്ത്രി ശ്രീ കരുണാകരൻ പറയുകയുണ്ടായി. ഇതിനു സാധാരണഗതിയിൽ മനസ്സിലാക്കേണ്ട അർത്ഥം, മലിനീകരണ നിവാരണത്തിന് സർക്കാർ മുൻകൈയെടുത്താലും, അതിനു വലിയ ഫലമൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നാണ്.

സൈലൻറ്‌വാലി വിദ്യുച്ഛക്തി പദ്ധതിയിൽ കേരളഗവണ്മെൻറിനുള്ള താല്പര്യം ഈ യോഗത്തിൽ വെച്ച് ശ്രീ കരുണാകരൻ ഊന്നിപ്പറഞ്ഞു. എല്ലാ വസ്തുതകളും കണക്കിലെടുത്ത് ഈ പദ്ധതി പുനഃപരിശോധിക്കണമെന്നാണ് അദ്ദേഹം പ്രസ്താവിച്ചതു്. എന്തു വന്നാലും സൈലൻറ്‌വാലി പദ്ധതി നടപ്പിൽ വരുത്തിയേ അടങ്ങൂ എന്ന വാശി പ്രകടിപ്പിച്ച ആളാണ് വിദ്യുച്ഛക്തി മന്ത്രി ശ്രീ ബാലകൃഷ്ണപിള്ള എന്നതും പരിഗണിക്കേണ്ട ഒരു വസ്തുതയാണ്.

സൈലൻറ്‌വാലിയിലെ മഴക്കാടുകൾ നശിപ്പിക്കാതെ അവിടെ വിദ്യുച്ഛക്തി പദ്ധതി നടപ്പിലാക്കാൻ പററുമോ? ഇടുക്കി പദ്ധതി പ്രദേശങ്ങളിൽ വൻതോതിൽ നടന്ന, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന, വനവിധ്വംസനത്തെയും പരിസര വിനാശത്തെയും കുറിച്ച് കുറച്ചെങ്കിലും അറിയാവുന്ന ഒരാൾക്ക് 'ഇല്ല' എന്ന ഉത്തരമേ ഇതിനു പറയാനാവൂ. ഏതാനും ദിവസം മുമ്പ് കൊച്ചിയിൽ നടന്ന ഒരു സമ്മേളനത്തിൽവെച്ച് പ്രസിദ്ധ ശാസ്ത്രജ്ഞനായ രാജാരാമണ്ണ ഇടുക്കിയിലെ പരിസര വിധ്വംസനത്തിലേക്കു പൊതുജന ശ്രദ്ധ ആകർഷിക്കുകയുണ്ടായി. ഇടുക്കി പദ്ധതി പ്രദേശത്തു മാത്രമല്ല, അണക്കെട്ടുകൾ, വൈദ്യുത പദ്ധതികൾ, റോഡുകൾ മുതലായവകൊണ്ട് വനം നശിച്ചിട്ടുള്ള പ്രദേശങ്ങളിലെല്ലാം തീവ്രമായ ഒരു വനം നട്ടുവളർത്തൽ പരിപാടി സർക്കാർ ആരംഭിക്കേണ്ടിയിരിക്കുന്നു.

പരിസ്ഥിതിക്ക് ഇതുവരെ സംഭവിച്ച നാശം അറിവില്ലായ്മ

കൊണ്ടു വന്നതാണെന്നു സമാധാനിക്കാം. ഈ വിഷയത്തെപ്പററി ധാരാളം ചർച്ചകളും കുറെയൊക്കെ പഠനങ്ങളും ഇപ്പോൾ നടന്നു കഴിഞ്ഞിരിക്കുന്നു. ഭരണത്തിൻെറ തലപ്പത്തുള്ളവർക്കു് ഇപ്പോൾ കാര്യം അറിയാം. എന്നിട്ടും അവർ ഉണർന്നു പ്രവർത്തിക്കുകയും, പരിസ്ഥിതിയുടെ മേന്മ പുനഃസ്ഥാപിക്കുന്നതിനു പര്യാപ്തമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നില്ലെങ്കിൽ, അതു തീർച്ചയായും കുററകരമായ അനാസ്ഥയായിത്തന്നെ പരിഗണിക്കപ്പെടണം. കൂടുതൽ വനവിധ്വംസനവും മലിനീകരണവും പരിസ്ഥിതി ഗുണച്യുതിയും വരുത്തുന്ന പ്രവർത്തനങ്ങൾക്കു് അവർ അനുവാദം നല്കുകയാണെങ്കിലോ, ഇന്നത്തെയും നാളത്തെയും തലമുറകളോടു ചെയ്യുന്ന കഠിനമായ ഒരു ദ്രോഹമായി മാത്രമേ അതിനെ വിലയിരുത്താൻ കഴിയൂ.

ജനാധിപത്യം നിലനിറുത്തുന്നതിനു കനത്ത വില ജനങ്ങൾ നല്കേണ്ടതുണ്ടു്. ഇളവില്ലാത്ത കാവൽ ആണു് ആ വില. ജനങ്ങൾ ഉണർന്നിരിക്കട്ടെ. അനീതിയെ, അവിവേകത്തെ, എവിടെ കണ്ടാലും ഫലപ്രദമായി ചെറുക്കുന്നതിനു് അവർ സംഘടിച്ചു തയ്യാറാവുകയും ചെയ്യട്ടെ.

11 ജൂലായ്, 1982.

# 71. സ്മാരകങ്ങൾ

വെട്ടത്തരചന്മാരുടെ
കൊട്ടാരം തെങ്ങണിപ്പറമ്പായീ;
തുണയററു മണ്ണു കപ്പീ
തുഞ്ചത്താചാര്യർ തൻ പുരത്തറയും;
ഏതിരുളിലോ വിബോധ—
ജ്യോതിർന്നിധി പാക്കനൊരിരുന്ന കുടിൽ?
കേരളമണ്ഡലമേ, ബഹു—
കേമം നിൻ സ്വര്യപൂർവികസ്മരണം!

എന്നു വള്ളത്തോൾ വിലപിച്ചതു് 1925—ൽ ആയിരുന്നു. അതിനു ശേഷം 'സ്വര്യപൂർവികസ്മരണ'ത്തിൽ കേരളം കുറെയേറെ മുന്നോട്ടു പോയിട്ടുണ്ടു്. മണ്ണു കപ്പിക്കിടന്നിരുന്ന തുഞ്ചത്താചാര്യരുടെ പുരത്തറയുടെ സ്ഥാനത്തു് മനോഹരമായി കരിങ്കല്ലിൽ നിർമിച്ച തുഞ്ചൻ സ്മാരകമണ്ഡപം ഇപ്പോൾ ഉയർന്നു നില്ക്കുന്നു. കുഞ്ചൻനമ്പ്യാരുടെ പഴയ തറവാട്ടുവീടു് കേരളീയരുടെ പൊതുസ്വത്തായിക്കഴിഞ്ഞിരിക്കുന്നു. കുമാരനാശാനു് തോന്നയ്ക്കലും കായിക്കരയിലും സ്മാരകങ്ങളുണ്ടു്. പ്രവർത്തനനിരതമാണു് തിരുവനന്തപുരത്തു ജഗതിയിലുള്ള ഉള്ളൂർ സ്മാരകം. കലാമണ്ഡലം ആകെത്തന്നെ വള്ളത്തോൾ സ്മാരകം കൂടിയാണല്ലോ.

സ്മാരകങ്ങൾ നിർമിച്ചു നാം ബഹുമാനിച്ചിട്ടുള്ളതു സാഹിത്യകാരന്മാരെ മാത്രമല്ല. തെല്ലും പ്രസിദ്ധി ഇല്ലാതിരുന്ന കാലടി ഗ്രാമം ഇന്നു് ഇന്ത്യയിലെ എണ്ണപ്പെട്ട ഒരു തീർത്ഥാടനകേന്ദ്രമായിട്ടുണ്ടു്. ശിവഗിരി ആകെ ശ്രീനാരായണൻെറ സ്മാരകമാണല്ലോ. വേലുത്തമ്പിയെപ്പോലുള്ള സ്വാതന്ത്ര്യസമരസേനാനികൾക്കും ഉണ്ടു് സ്മാരകങ്ങൾ. ചങ്ങമ്പുഴ സ്മാരകംപോലെ അർദ്ധ നിർമിതങ്ങളും മുണ്ടശ്ശേരിയുടേയും ജി. യുടേയും മററും സ്മാരകങ്ങൾപോലെ നിർമിക്കാൻ ഉദ്ദേശിക്കപ്പെട്ടവയും ആയ സ്മാരകങ്ങളും കുറവല്ല.